ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഗാസയിലെ സംഘർഷം അവസാനിപ്പിക്കുന്നതിനായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച സമഗ്ര പദ്ധതിയെ സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **India welcomed the United States President Donald Trump's announcement of a comprehensive plan to end the Gaza conflict. In a social media post, Prime Minister Narendra Modi said that it provides a viable pathway to long-term and sustainable peace, security, and development for the Palestinian and Israeli people.**

2. ഇന്ത്യൻ സായുധസേനകളുടെ സംയോജിത പ്രവർത്തനം നൂറ്റാണ്ടിന്റെ ആവശ്യകതയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh has emphasised that interoperability and jointness among the Indian Armed Forces have become operational necessities in today's time.**

3. പ്രതിപക്ഷ ബഹളത്തിനിടെ നിയമനിർമാണ നടപടികൾ പൂർത്തിയാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭ ഒക്ടോബർ ആറിന് വീണ്ടും ചേരും.

   **Kerala assembly adjourned for the day following opposition's uproar.**

4. ദുർഗാപൂജാ വേളയിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും, പ്രധാനമന്ത്രിയും. നവരാത്രിയോടനുബന്ധിച്ച്

സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വൻ ജനത്തിരക്ക്. ഇന്ന് ദുർഗാഷ്ടമി.

**President Droupadi Murmu and Prime Minister Narendra Modi extended greetings to the citizens on the occasion of Durga Puja today. Temples in Kerala witness heavy rush of devotees with Navaratri Utsav.**

5. സുസ്ഥിരവും, ശക്തവുമായ സാമ്പത്തിക വളർച്ചയുടെ പാതയിലാണ് ഇന്ത്യയെന്ന് അന്താരാഷ്ട്ര റേറ്റിങ്ങ് ഏജൻസിയായ മൂഡീസ്.

**Moody's Ratings affirm India's stable outlook, citing strong fiscal metrics and resilient growth prospects.**

6. ഐ.സി.സിയുടെ വനിതാ ഏകദിന ലോകക പ്പിന് ഇന്ന് തുടക്കം. ആദ്യമത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടും.

**In Cricket, ICC Women's ODI World Cup to begin today with India to take on Sri Lanka in Guwahati.**

## PM–GAZA PLAN

ഗാസയിലെ സംഘർഷം അവസാനിപ്പിക്കുന്നതിനായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച സമഗ്ര പദ്ധതിയെ സ്വാഗതം ചെയ്ത് ഇന്ത്യ. പലസ്തീനിലെയും, ഇസ്രായേലിലെയും ജനതയ്ക്കും, പശ്ചിമേഷ്യൻ മേഖലയ്ക്കും ഈ പദ്ധതി സുസ്ഥിര സമാധാനവും സുരക്ഷയും വികസനവും പ്രദാനം ചെയ്യട്ടേയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. മേഖലയിലെ സംഘർഷം അവസാനിപ്പിക്കാനും സമാധാനം പുനസ്ഥാപിക്കാനുമുള്ള അമേരിക്കയുടെ ശ്രമങ്ങൾക്ക് പിന്നിൽ എല്ലാരാജ്യങ്ങളും അണിനിരക്കുമെന്ന പ്രത്യാശയും പ്രധാനമന്ത്രി പങ്കുവച്ചു. യൂറോപ്പിലെയും, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലെയും നേതാക്കളും ട്രംപിൻറെ സമാധാന പദ്ധതിയെ സ്വാഗതം ചെയ്തു. യുദ്ധം അവസാനിപ്പിക്കാനുള്ള യുഎസ് പ്രസിഡൻറിൻറെ

ശ്രമങ്ങളെ സ്വാഗതം ചെയ്യുന്നതായി യുഎഇ, സൗദി, ഖത്തർ, ഈജിപ്ത്, ജോർദാൻ, തുർക്കിയെ, ഇന്തോനേഷ്യ, പാകിസ്ഥാൻ എന്നീ രാജ്യങ്ങൾ സംയുക്ത പ്രസ്താവനയിലൂടെ അറിയിച്ചു. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റ, യുകെ പ്രധാനമന്ത്രി കിയർ സ്റ്റാമർ, ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവെൽ മാക്രോൺ, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി എന്നിവരും തീരുമാനത്തെ സ്വാഗതം ചെയ്തു.

## TRUMP-NETHANYAHU

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായുള്ള കൂടിക്കാഴ്ചയിലാണ് രണ്ട് വർഷമായി തുടരുന്ന ഗാസ സംഘർഷം അവസാനിപ്പിക്കാനുള്ള സമാധാന പദ്ധതി സംബന്ധിച്ച് തീരുമാനം ഉണ്ടായത്. നിർദ്ദേശം ഇരുപക്ഷവും അംഗീകരിച്ചാൽ യുദ്ധം ഉടനടി അവസാനിക്കുമെന്ന് സമാധാന പദ്ധതി വ്യക്തമാക്കുന്നു. ഇസ്രയേൽ കരാർ അംഗീകരിച്ച് 72 മണിക്കൂറിനുള്ളിൽ ബന്ദികളെ വിട്ടയക്കും. 2023 ഒക്ടോബർ 7 ന് ശേഷം തടവിലാക്കപ്പെട്ട 1,700 ഗാസ നിവാസികളെയും, 250 തടവുകാരെയും ഇസ്രായേൽ മോചിപ്പിക്കും.

## TRI SERVICE- RAJNATH(INTRO)

ഇന്ത്യൻ സായുധസേനകളുടെ സംയോജിത പ്രവർത്തനം നൂറ്റാണ്ടിന്റെ ആവശ്യകതയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഓപ്പറേഷൻ സിന്ദൂറിൽ ലോകം കണ്ടത് ഇന്ത്യൻ പ്രതിരോധ സേനകളുടെ സംയുക്ത പ്രകടനമാണെന്നും ന്യൂഡൽഹിയിൽ ട്രൈ-സർവീസസ് സെമിനാറിനെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ വ്യോമസേനയുടെ ഇന്റഗ്രേറ്റഡ് എയർ കമാൻഡ് കൺട്രോൾ സിസ്റ്റം, കരസേനയുടെ ആകാശ് തീർ, നാവികസേനയുടെ ട്രൈഗൺ എന്നിവയുടെ സംയോജിത പ്രവർത്തനം ഈ വിജയത്തിൽ നിർണായകമായതായും അദ്ദേഹം

പറഞ്ഞു .

(വോയ്സ്)

## CDS-BIO THREATS

ആണവായുധങ്ങളിൽ നിന്നുള്ള ഭാവി വെല്ലുവിളികളെയും, ജൈവ ഭീഷണികളെയും നേരിടാൻ സജ്ജമാകണമെന്ന് സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ. ന്യൂഡൽഹിയിൽ മിലിട്ടറി നഴ്സിങ് സർവ്വീസിന്റെ 100-ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ശാസ്ത്ര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കോവിഡാനന്തര കാലഘട്ടത്തിൽ ഇത്തരം വെല്ലുവിളികൾ കൂടുതലായി ഉയരാൻ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. പ്രതികൂല സാഹചര്യങ്ങളിൽ മികച്ച സേവനം കാഴ്ച വെക്കുന്ന മിലിട്ടറി നഴ്സിംഗ് സർവ്വീസ് അംഗങ്ങളെ സംയുക്ത സേനാ മേധാവി അഭിനന്ദിച്ചു.

## SEVA PARV - NATIONAL EDUCATION POLICY 2020(INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ നരേന്ദ്രമോദി സർക്കാർ 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ രാജ്യത്ത് ആധുനികവും, സമഗ്രവുമായ വിദ്യാഭ്യാസ സമ്പ്രദായം ഉറപ്പുവരുത്തിയതിനെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്. രാഷ്ട്രത്തിന്റെ ഭാവി കെട്ടിപ്പടുക്കുന്നതിലെ അടിസ്ഥാന ശിലയാണ് വിദ്യാഭ്യാസം. 21-ാം നൂറ്റാണ്ടിന്റെ ഇന്ത്യയുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നതായിരുന്നു 2020 ജൂണിൽ, കേന്ദ്ര സർക്കാർ അവതരിപ്പിച്ച ദേശീയ വിദ്യാഭ്യാസ നയം. കുട്ടികൾക്ക് അറിവ് നൽകുന്നതിന് പുറമേ അവരുടെ ആത്മവിശ്വാസവും, കഴിവും വളർത്തിയെടുക്കാൻ ഇതിലൂടെ സാധിച്ചു. എല്ലാ കുട്ടികൾക്കും

വിദ്യാഭ്യാസത്തിനായി തുല്യ അവസരം പ്രദാനം ചെയ്യുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

(പി.എം-വോയ്സ് / മ്യൂസിക്)

## MOODY'S RATINGS

സുസ്ഥിരവും, ശക്തവുമായ സാമ്പത്തിക വളർച്ചയുടെ പാതയിലാണ് ഇന്ത്യയെന്ന് അന്താരാഷ്ട്ര റേറ്റിങ്ങ് ഏജൻസിയായ മൂഡീസ്. നിക്ഷേപത്തിനുള്ള സുരക്ഷിത സ്ഥാനമായി ഇന്ത്യ തുടരുകയാണെന്നും റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യയ്ക്ക് മേൽ ഉയർന്ന തീരുവ ചുമത്തിയ അമേരിക്കൻ നടപടി, ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ പരിമിതമായ സ്വാധീനം മാത്രമേ സമീപകാലയളവിൽ വരുത്തുകയുള്ളൂ എന്നും മൂഡീസ് വ്യക്തമാക്കി. എന്നാൽ കയറ്റുമതി, ഉത്പാദനം എന്നിവയിലെ ദീർഘകാല ലക്ഷ്യങ്ങളെ യുഎസ് തീരുവ ബാധിക്കാനിടയുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

## ASSEMBLY

പ്രതിപക്ഷ ബഹളത്തിനിടെ നിയമനിർമാണ നടപടികൾ പൂർത്തിയാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. അടുത്ത മാസം ആറിന് സഭ വീണ്ടും ചേരും.

***കൂടുതൽ വിവരങ്ങളുമായി നിയമസഭയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.***

(വോയിസ്)

## PREZ PM HM–DURGA PUJA WISH

നവരാത്രി ആഘോഷ വേളയിൽ ജനങ്ങൾ ദുർഗാ പൂജ ആശംസകൾ നേർന്ന് രാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ. ഈ ഉത്സവം രാജ്യത്തിന്റെ സംസ്കാരത്തിന്റെയും വിശ്വാസത്തിന്റെയും ആത്മീയ പൈതൃകത്തിന്റെയും പ്രതീകമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ആശംസാ സന്ദേശത്തിൽ പറഞ്ഞു. എല്ലാവരുടെയും ജീവിതത്തിൽ ഈ ആഘോഷം സന്തോഷവും സമാധാനവും ആരോഗ്യവും നൽകട്ടേ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസിച്ചു.

## NAVARATHRI

നവരാത്രിയോടനുബന്ധിച്ച് സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വലിയ ജനത്തിരക്ക്. ഇന്നാണ് ദുർഗാഷ്ടമി. ദക്ഷിണ മൂകാംബിക എന്നറിയപ്പെടുന്ന കോട്ടയം പനച്ചിക്കാട് സരസ്വതീ ക്ഷേത്രത്തിലും, ചോറ്റാനിക്കര, ഗുരുവായൂർ ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിലും നവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുകയാണ്. അറിവിന്റെ ദേവതയായ സരസ്വതീ ദേവിക്ക് മുന്നിൽ ഗ്രന്ഥങ്ങളും പഠനോപകരണങ്ങളും ഇന്നലെ പൂജ വെച്ചു. നാളെ മഹാനവമിയ്ക്ക് ശേഷം വ്യാഴാഴ്ച വിജയദശമി നാളിലാണ് പൂജയെടുപ്പ്.

## BIHAR FINAL VOTERS LIST

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും. തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ ഇന്ന് ഉച്ചയ്ക്ക് ശേഷം പട്ടിക ലഭ്യമാകും. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഓഗസ്റ്റിൽ പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ 7.24 കോടിയിലധികം സമ്മതിദായകരാണ് ഉൾപ്പെട്ടിരുന്നത്.

## PIB FACT CHECK- SONAM WANGCHUK

ലഡാക്ക് പരിസ്ഥിതി പ്രവർത്തകൻ സോനം വാങ്ചുക്കിൻറെ അറസ്റ്റ്, രാജ്യരക്ഷാമന്ത്രിയുടെ നിർദ്ദേശ പ്രകാരമാണെന്ന വിധത്തിൽ സമൂഹമാധ്യമങ്ങളിൽ നടക്കുന്ന പ്രചാരണം വാസ്തവ വിരുദ്ധമാണെന്ന് കേന്ദ്ര സർക്കാർ. ലഡാക്ക് ഡിജിപി ഇത്തരത്തിൽ പറഞ്ഞിട്ടില്ലെന്നും, ഇതുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന വീഡിയോ അടിസ്ഥാനരഹിതമാണെന്നും പിഐബി ഫാക്ട്ചെക്ക് വിഭാഗം വ്യക്തമാക്കി. എഐ ഉപയോഗിച്ച് നിർമിക്കുന്ന തെറ്റിദ്ധാരണാജനകമായ വീഡിയോകൾക്കെതിരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്നും കേന്ദ്രം മുന്നറിയിപ്പ് നൽകി.

## PM- RSS CENTENARY CELEBRATIONS

രാഷ്ട്രീയ സ്വയംസേവക് സംഘിന്റെ ന്യൂഡൽഹിയിൽ നാളെ നടക്കുന്ന 100-ാം വാർഷിക ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. 100-ാം വാർഷികത്തിന്റെ സ്മരണിക സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പുറത്തിറക്കും.

## ICC WOMENS CRICKET

ഐ.സി.സിയുടെ വനിതാ ഏകദിന ലോകകപ്പിന് ഇന്ന് തുടക്കം. ആദ്യമത്സരത്തിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. ഗുവാഹത്തി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകുന്നേരം മൂന്ന് മണിക്കാണ് മൽസരം. എട്ട് ടീമുകളാണ് മൽസരരംഗത്തുള്ളത്. ഇന്ത്യയുടെ അടുത്ത മത്സരം ഒക്ടോബർ അഞ്ചിന് പാകിസ്ഥാനെതിരെയാണ്.

## TALIBAN-INTERNET BAN

അഫ്ഗാനിസ്ഥാനിൽ ഇൻറർനെറ്റ് സേവനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തി താലിബാൻ. മൊബൈൽ നെറ്റ് വർക്ക് സേവനങ്ങളും വിച്ഛേദിച്ചിട്ടുണ്ട്. ബാങ്കിങ്ങ് സേവനങ്ങളെയും, വിമാന സർവീസുകളെയും ഇത് ഗുരുതരമായി ബാധിച്ചു. നിരോധനത്തിന്റെ കാരണം താലിബാൻ വ്യക്തമാക്കിയിട്ടില്ല. കാബൂളിലെ ഓഫീസുകളുമായി ബന്ധപ്പെടാൻ സാധിക്കാത്ത സ്ഥിതിയാണെന്ന് അന്താരാഷ്ട്ര വാർത്ത ഏജൻസികൾ അറിയിച്ചു.